## പതിനാലാം കേരള നിയമസഭ
## 16-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3659** **11.11.2019-ൽ മറുപടിയ്ക്ക്**

## തൃശ്ശൂർ ജില്ലയിലെ തീരദേശ പരിപാലന നിയമം ലംഘിച്ചുള്ള കെട്ടിട നിർമാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനിൽ അക്കര : | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിൽ തീരദേശ പരിപാലന നിയമം ലംഘിച്ചുള്ള നിർമ്മാണ പ്രവൃത്തികളുണ്ടോ; ഉണ്ടെങ്കിൽ പട്ടിക ലഭ്യമാക്കുമോ; | (എ) ബഹു. സുപ്രീം കോടതിയുടെ MA 1808-1809/2019 in C.A. No.4784-4785/2019 കേസിലെ 23.09.2019 ലെ ഉത്തരവിൻ പ്രകാരം തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാനായി 16.10.2019-ലെ G.O (Rt) No. 98/2017/Envt. പ്രകാരവും 17.10.2019-ലെ G.O (Rt) No. 101/2019/Envt. പ്രകാരവും ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ നഗരാസൂത്രകൻ/നഗരാസൂത്രക കൺവീനറായും, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി, ബന്ധപ്പെട്ട തീരദേശ വില്ലേജിലെ വില്ലേജ് ഓഫീസർ, ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം എന്നിവർ അംഗങ്ങളായും 10 തീരദേശ ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) തീരദേശ ജില്ലാ |

കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ തൃശ്ശൂർ ജില്ലയിൽ ഉണ്ടായിട്ടുള്ള തീരദേശ പരിപാലന നിയമം ലംഘിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരം ലഭ്യമാവുകയുള്ളൂ.

(ബി) ജില്ലയിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളും നഗരസഭകളുമാണ് തീരദേശ പരിപാലന നിയമത്തിന്റെ കീഴിൽ വരുന്നതെന്ന് വെളിപ്പെടുത്തുമോ?

(ബി) പുന്നയൂർക്കുളം, പുന്നയൂർ, കടപ്പുറം, പാവറട്ടി, ഒരുമനയൂർ, മുല്ലശ്ശേരി, ഏങ്ങണ്ടിയൂർ, വെങ്കിടങ്ങ്, വാടാനപ്പിള്ളി, മണലൂർ, തളിക്കുളം, അന്തിക്കാട്, നാട്ടിക, താന്ന്യം, വലപ്പാട്, എടത്തുരുത്തി, കാട്ടൂർ, കയ്പമംഗലം, പടിയൂർ, പെരിഞ്ഞനം, മതിലകം, വെള്ളാങ്ങല്ലൂർ, ശ്രീനാരായണപുരം, പുത്തൻചിറ എടവിലങ്ങ്, എറിയാട്, മാള, പൊയ്യ എന്നീ 28 ഗ്രാമ പഞ്ചായത്തുകളും ചാവക്കാട്, ഗുരുവായൂർ, കൊടുങ്ങല്ലൂർ എന്നീ 3 മുനിസിപ്പാലിറ്റികളും തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്നു.

സെക്ഷൻ ഓഫീസർ